(ബി) 9-ാം പഞ്ചവത്സര പദ്ധതികാലത്ത് എത്ര ലക്ഷം വീടുകൾ നിർമ്മിക്കേണ്ടിവരുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്തെ ദുർബല വിഭാഗക്കാരുടെ വീടുകൾ നന്നാക്കിയെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഡി) 9-ാം പദ്ധതിയിൽ സംസ്ഥാന വിഹിതം ദുർബല ജനവിഭാഗങ്ങൾക്കായി എപ്രകാരം വിനിയോഗിക്കുമെന്ന് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) 9-ാം പദ്ധതികാലത്ത് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട എന്തൊക്കെ ചുമതലകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) 2002-ാം ആണ്ടോടുകൂടി കേരളത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഓരോ വർഷവും ഒരു ലക്ഷം വീടുകൾ വീതം അഞ്ചുലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് 9-ാം പഞ്ചവത്സര പദ്ധതികാലത്ത് ലക്ഷ്യമിട്ടിരുന്നത്.

(സി) ദുർബല വിഭാഗങ്ങൾക്ക് വീട് നന്നാക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്നുണ്ട്.

(ഡി) ദുർബല വിഭാഗങ്ങൾക്ക് സബ്സിഡി ഉൾപ്പെടുന്ന ധനസഹായം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ സമീപനം.

(ഇ) വീടുകളുടെ അറ്റകുറ്റപ്പണികൾ, വീടുകളുടെ പുനരുദ്ധാരണം, ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ, ഭൂരഹിതർക്ക് വാസ സ്ഥലം നൽകൽ, സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ചേരി നിർമ്മാർജനം എന്നീ ചുമതലകളാണ് കൈമാറിയിട്ടുള്ളത്.

സാംസ്കാരിക നയം പ്രചരിപ്പിക്കാൻ നടപടി

13 (*691) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാംസ്ക്കാരികനയം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ കൂടുന്ന വാർഡ്തല ഗ്രാമസഭകളിൽ സാംസ്കാരിക നയം വിശദീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മാനവീയം പ്രവർത്തനങ്ങളിൽ സർക്കാരിന്റെ സാംസ്ക്കാരികനയം പ്രചരിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടികെ. രാമകൃഷ്ണൻ) :

(എ, ബി) സർക്കാരിന്റെ സാംസ്കാരിക നയം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സാംസ്ക്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ച് സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക, ശില്പശാലകൾ സംഘടിപ്പിക്കുക, കൈയെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വീഡിയോ ചലച്ചിത്ര മേള, പുസ്തക പ്രദർശനം, നാടൻ കലാസംഗമങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നടത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) മാനവീയം സാംസ്കാരിക മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടികൾ സർക്കാരിന്റെ സാംസ്കാരിക നയവുമായി ബന്ധപ്പെട്ടവയാണ്.

സംസ്ഥാന സാക്ഷരതാമിഷന്റെ തുല്യതാ പരിപാടി നടത്തുന്ന സെന്ററുകൾ

14 (*692) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ തുല്യതാ പരിപാടി ഏതൊക്കെ സെന്ററുകളിലാണ് നടക്കുന്നത് ;

(ബി) ഈ പരിപാടിക്ക് എവിടെ നിന്നെല്ലാമാണ് സഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാന സർക്കാർ ഇതിനാവശ്യമായ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സാക്ഷരതാമിഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ഇ) തുടർ വിദ്യാഭ്യാസ പരിപാടികളോടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലപാട് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly